# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**2019 നവംബർ 06, ബുധൻ**

## കാര്യവിവരപ്പട്ടിക

**1. ചോദ്യങ്ങൾ :**

പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

**2. ശ്രദ്ധക്ഷണിക്കൽ :**

(1) ചെങ്ങന്നൂർ നഗരത്തെ ശബരിമല തീർത്ഥാടന കവാടമായി പ്രഖ്യാപിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ട തിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ.സജി ചെറിയാൻ സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

(2) സംസ്ഥാനത്ത് കുട്ടികൾക്കെതിരെ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന അതിക്രമങ്ങൾ തടയുന്നതിനും പോക്സോ കേസുകൾ സത്വരമായി തീർപ്പാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ.എം.ഉമ്മർ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

**3. സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം :**

കൃഷി വകുപ്പുമന്ത്രിയും 2018 – ലെ കേരള കർഷക ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റിയുടെ ചെയർമാനുമായ ശ്രീ.വി.എസ്.സുനിൽ കുമാർ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2019 നവംബർ 6–ാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നതാണ്.

**4. റിപ്പോർട്ടുകളുടെ സമർപ്പണം :**

(1) കൃഷി വകുപ്പുമന്ത്രിയും 2018 – ലെ കേരള കർഷക ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച സെലക്ട്കമ്മിറ്റിയുടെ ചെയർമാനുമായ ശ്രീ.വി.എസ്.സുനിൽ കുമാർ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(2) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി IX ന്റെ അദ്ധ്യക്ഷനുമായ ശ്രീ. എ.സി.മൊയ്തീൻ 2019 – ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(3) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി XIII ന്റെ അദ്ധ്യക്ഷനുമായ ശ്രീ.എ.കെ.ബാലൻ 2019 – ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

**5. നിയമനിർമ്മാണകാര്യം :**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും.

(i) 2019 – ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(ii) 2019 – ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, എസ്.വി.ഉണ്ണികൃഷ്ണൻ നായർ,
തിരുവനന്തപുരം, സെക്രട്ടറി.
2019 നവംബർ 5.

**FOURTEENTH KERALA LEGISLATIVE ASSEMBLY**
**Sixteenth Session**

*Wednesday, November 6, 2019*
**LIST OF BUSINESS**

## I. Questions:

Questions entered in the separate list to be asked and answered.

## II. Calling Attention:

(1) Shri.Saji Cherian to call the attention of the Minister for Co-operation, Tourism and Devaswoms to the necessity to declare Chengannur Town as Sabarimala pilgrimage gateway and enhance its infrastructure.

**(2)** Shri.M.Ummer to call the attention of the Chief Minister to the necessity to take steps to prevent the reportedly increasing atrocities against children and to expeditiously conclude the trial of POCSO cases in the State.

## III. Motion for Extension of Time:

Shri.V.S.Sunil Kumar, Minister for Agriculture and Chairman, Select Committee on The Kerala Farmers' Welfare Fund Bill, 2018 to move that the time for the presentation of the Report of the Committee be extended till November 6, 2019.

## IV. Presentation of Reports:

(i) Shri.V.S.Sunil Kumar, Minister for Agriculture and Chairman, Select Committee on The Kerala Farmers' Welfare Fund Bill, 2018 to present the Report of the Committee.

(ii) Shri.A.C.Moideen, Minister for Local Self Governments and Chairman, Subject Committee-IX to present the Report of the Committee on The Kerala Panchayat Raj (Amendment) Bill, 2019.

(iii) Shri.A.K.Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs and Chairman, Subject Committee-XIII to present the Report of the Committee on The Kerala Anganawadi Workers' and Anganawadi Helpers' Welfare Fund (Amendment) Bill, 2019.

**V. Legislative Business :**

Introduction and Motion for reference to Subject Committee of the following Bills.

(1) The Kerala Farmers' Debt Relief Commission (Amendment) Bill, 2019.

(Discussion to be concluded)

(2) The Kerala Madrasa Teachers' Welfare Fund Bill, 2019.

(Discussion to be concluded)

Secretariat of the Kerala Legislature,
Thiruvananthapuram,
November 5, 2019.

S.V.Unnikrishnan Nair,
Secretary.